"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്- കേരള മീഡിയ അക്കാദമിക്ക് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിന്റെ നാലാം ഗഡുവായി 11.75 ലക്ഷം രൂപ അനുവദിച്ച് ഉത്തരവാകുന്നു.

---

**ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (എ) വകുപ്പ്**

G.O.(Rt) No.116/2024/I&PRD തീയതി,തിരുവനന്തപുരം, 26-10-2024

---

പരാമർശം:-
1. 16/05/2024-ലെ സ. ഉ.(സാധാ) നം. 44/2024/ഐ. & പി. ആർ. ഡി .
2. 18/07/2024-ലെ സ. ഉ.(സാധാ) നം. 60/2024/ഐ. & പി. ആർ.ഡി
3. 26/09/2024-ലെ സ. ഉ.(സാധാ) നം. 101/2024/ഐ. & പി. ആർ.ഡി
4. കേരള മീഡിയ അക്കാദമി സെക്രട്ടറിയുടെ 05/10/2024-ലെ 57/എ/24/കെ. എം. എ

<u>**ഉത്തരവ്**</u>

കേരള മീഡിയ അക്കാദമിയിലെ സ്ഥിരം, അന്യത്ര സേവനം, കരാർ താൽക്കാലികം എന്നീ വിഭാഗങ്ങളിലെ ജീവനക്കാരുടെ 2024 ഒക്ടോബർ മാസത്തെ ശമ്പളവും പെൻഷണർമാരുടെ നവംബർ മാസത്തിലെ നൽകുന്നതിനായി അക്കാദമിയുടെ നോൺ പ്ലാൻ ശമ്പളയിനത്തിൽ അടിയന്തരമായി 47,18,697/- രൂപ അനുവദിക്കണമെന്ന് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഉൾപ്പടെ പരാമർശം (4) പ്രകാരം മീഡിയ അക്കാദമി സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.

കേരള മീഡിയ അക്കാദമിയ്ക്ക് 2024-25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 2220-60-800-98-31-NP Grant in aid-Salary ശമ്പളയിനത്തിൽ 85 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.. ആയതിൽ പരാമർശം (1) പ്രകാരം 17 ലക്ഷം രൂപ ഒന്നാം ഗഡുവായും പരാമർശം (2) പ്രകാരം രണ്ടാം ഗഡുവായി 10 ലക്ഷം രൂപയും പരാമർശം (3) പ്രകാരം മൂന്നാം ഗഡുവായി 8.70 ലക്ഷം രൂപയും ഉൾപ്പെടെ മൊത്തം 35.7 ലക്ഷം രൂപ അനുവദിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മീഡിയ അക്കാദമിക്ക് 2024-25 സാമ്പത്തിക വർഷത്തെ 2220-60-800-98-31 (NP) Grant in aid -Salary ശീർഷകത്തിലെ ബജറ്റ് വിഹിതത്തിൽ നിന്ന് **നാലാം ഗഡുവായി 11.75 ലക്ഷം രൂപ** (പതിനൊന്ന് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) ചുവടെ പറയുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി മീഡിയ അക്കാദമിയുടെ STSB A/c.No.799011400006155 അക്കൗണ്ടിൽ അനുവദിച്ച് ഉത്തരവാകുന്നു.

(1) *16/04/2018-ലെ സ ഉ (പി)62/18 ധനയിലെ വ്യവസ്ഥക്ക് വിധേയമായി ടി തുക ട്രഷറിയിലെ STSB അക്കൗണ്ടിൽ (non interest bearing ) മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.*

(2) *9/12/08-ലെ സർക്കുലർ നം.84/8/ധന-ലെയും 30/01/18-ലെ സർക്കുലർ നം. 08/18/ധന-ലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.*

(3) *അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ ഉ (കൈ) നം 04/2020/ധന*

പ്രകാരമുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്.കൂടാതെ , 11.09.2020-ലെ സ.ഉ.(കൈ)നം.93/ 2020/ധന തീയതി പ്രകാരം ഓഡിറ്റ് ചാർജ്ജ് കുടിശ്ശികയില്ലെന്ന സാക്ഷ്യ പത്രം കൂടെ സമർപ്പിക്കേണ്ടതാണ്.

( 4 ) വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
S HARIKISHORE I A S
SECRETARY

സെക്രട്ടറി, കേരളാ മീഡിയ അക്കാഡമി, കാക്കനാട്, കൊച്ചി.
ധനകാര്യ (പി.യു.സി) വകുപ്പ് (18/10/2024ലെ 2773987/ PU-C4/43/2024-FIN കുറിപ്പ് )
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (ബി) വകുപ്പ് (3 copies).
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ/പ്ലാനിംഗ്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം
കരുതൽ ശേഖരം/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Bindu Chandran R
Date: 26-10-2024 16:19:31

സെക്ഷൻ ഓഫീസർ